**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **27-10-2021 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗികളുടെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കാൻസർ രോഗം പുതുതായി ബാധിച്ചവരുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതുതായി കാൻസർ രോഗം ബാധിച്ചവരുടെ ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു. മറ്റ് ജില്ലകളിലെ കണക്കുകൾ ലഭ്യമല്ല. |
| (ബി) | കാൻസർ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | കാൻസർ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവനുസരിച്ചുള്ള പഠനങ്ങൾ ആർ.സി.സി യും മറ്റ് ഏജൻസികളും നടത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് തൈറോയിഡ് ക്യാൻസറും സ്തനാർബുദവും, ശ്വാസകോശാർബുദവും, ആമാശയത്തിലെ കാൻസറും വർദ്ധിച്ചു വരുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. നിലവിലെ അറിവുകൾ പ്രകാരം പുകയിലശീലങ്ങൾ, മദ്യപാനം, ജീവിതശൈലിയിലെ മാറ്റങ്ങൾ, തെറ്റായ ഭക്ഷണരീതി, വ്യായാമമില്ലാത്ത അവസ്ഥ തുടങ്ങിയവ അർബുദസാധ്യത വർദ്ധിപ്പിക്കുന്നു. |
| (സി) | ഏതെങ്കിലും പ്രത്യേക കാൻസർ കൂടുതൽ കണ്ടുവരുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് കാരണമായി പഠനത്തിൽ ചൂണ്ടിക്കാണിക്കുന്നത് എന്തൊക്കെ വിഷയങ്ങളാണ്; ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | തൈറോയിഡ് കാൻസർ, സ്തനാർബുദം, ശ്വാസകോശാർബുദം, ആമാശയത്തിലെ കാൻസർ എന്നിവ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. സ്ത്രീകളിൽ വർദ്ധിച്ചു വരുന്ന സ്തനാർബുദത്തിന് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ ധനസഹായത്തോട് കൂടി 2017 മുതൽ ആർ.സി.സിയിലെ വിവിധ വകുപ്പുകൾ സഹകരിച്ച് രോഗികളുടെ ജീവിത രീതി, പ്രത്യുൽപ്പാദന രീതി, ജനിതക കാരണങ്ങൾ എന്നിവയിൽ പഠനം നടത്തി വരുന്നുണ്ട്. സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശോധനാ പദ്ധതികളും ആർ.സി.സി സംഘടിപ്പിക്കുന്നുണ്ട്. കരുനാഗപ്പള്ളി മേഖലയിൽ ആർ.സി.സി യുടെ മേൽനോട്ടത്തിൽ തൈറോയിഡ് കാൻസറിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം നടന്നു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. സംസ്ഥാനത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആർ.സി.സി യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ആർ.സി.സി യുടെ ഭാഗമായ ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ മുഖേന കാൻസർ പരിശോധനാ ക്ലിനിക്കുകളും ബോധവൽക്കരണ പരിപാടികളും കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കാൻസർ രോഗം പുതുതായി ബാധിച്ചവരുടെ എണ്ണം**

| വർഷം | തിരുവനന്തപുരം | കൊല്ലം | കണ്ണൂർ | കാസർഗോഡ് |
|---|---|---|---|---|
| 2010 | | 3422 | | |
| 2011 | | 3462 | | |
| 2012 | 4934 | 3611 | | |
| 2013 | 5242 | 3782 | | |
| 2014 | 5636 | 4100 | | |
| 2015 | 5830 | 4216 | 5156 | 1615 |
| 2016 | 6027 | 4236 | 4728 | 1535 |
| 2017 | 6445 | 4022 | | |
| 2018 | 6217 | 4031 | | |
| 2019 | 6680 | | | |

സെക്ഷൻ ഓഫീസർ